പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1868 01.11.2019-ലെ മറുപടിക്ക്

## കോതമംഗലം ഡിപ്പോയിൽ ടയർ, സ്പെയർ പാർട്സ് ദൗർലഭ്യം

ചോദ്യം

ശ്രീ.ആന്റണി ജോൺ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ടയറുകൾ, സ്പെയർ പാർട്സ് തുടങ്ങിയവ കൃത്യമായി ലഭിക്കാത്തതിനാൽ കോതമംഗലം ഡിപ്പോയിലെ ബസ്സുകൾ കൂടുതൽ ഡോക്ക് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കൊണ്ട് ഈ ഡിപ്പോയിൽ എത്ര ബസ്സുകൾ നിലവിൽ ഡോക്ക് ചെയ്തിട്ടുണ്ട്; | (ബി) | 25-10-2019-ൽ 8 ആർ.റ്റി.സി. ബസ്സുകളും, 5 ജൻറം ബസ്സുകളും ടയർ, മറ്റ് സ്പെയർ പാർട്ടുകൾ എന്നിവയുടെ ദൗർലഭ്യം മൂലം ഡോക്ക് ചെയ്തിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യെ മാത്രം ആശ്രയിക്കുന്ന നൂറ് കണക്കിന് യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ യഥാസമയം ടയറുകളും സ്പെയർ പാർട്സും ലഭ്യമാക്കി ഇത്തരത്തിൽ സർവ്വീസുകൾ മുടങ്ങാതിരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വിതരണക്കാർക്ക് യഥാസമയം തുക നൽകാൻ കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പ്രതിസന്ധി മൂലം കഴിയാതിരുന്നതിനാലാണ് ടയറിനും, സ്പെയർ പാർട്സിനും ക്ഷാമം നേരിട്ടത്. എങ്കിലും ടയർ, സ്പെയർ പാർട്സുകൾ എന്നിവയുടെ വിതരണം പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ